(ബി) ഭൂഗർഭജലത്തിന്റെ അളവ് കുറയുന്നതിന് പ്രധാനമായ കാരണങ്ങൾ അശാസ്ത്രീയവും അനിയന്ത്രിതവുമായ കുഴൽക്കിണർ നിർമ്മാണം, മഴയുടെ അളവിലുള്ള കുറവ്, നഗരവൽക്കരണം, നദികളിലെ മണലൂറ്റൽ, അമിതമായ ഭൂജലചൂഷണം എന്നിവയാണ്. അനിയന്ത്രിതവും അമിതവുമായ ഭൂജലചൂഷണം ഭൂഗർഭജലനിരക്ക് താഴുന്നതിന് കാരണമാകുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പാലക്കാട് ജില്ലയിൽ ഭൂജല ചൂഷണം അധികമായി നടക്കുന്ന ചിറ്റൂർ ബ്ലോക്കിൽ വിശദമായ പഠനം നടത്തിവരുന്നു.

(ഡി) പെപ്സികോള, കൊക്കകോള കമ്പനികൾക്ക് ഭൂഗർഭജലം എടുക്കുന്നതിന് ഭൂജലവകുപ്പ് അനുമതി നൽകിയിട്ടില്ല.

(ഇ) &(എഫ്) ഉണ്ട്. കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരം മാത്രമേ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഈ ആക്ട് പ്രകാരമുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചു വരുന്നുണ്ട്.

ഭൂഗർഭജലത്തിന്റെ ചൂഷണം

66 [247] *ശ്രീ. ബി. രാജേന്ദ്രകുമാർ:*
,, എം. എം. ഹസ്സൻ:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലം 70 ശതമാനത്തിൽ കൂടുതൽ ചൂഷണം ചെയ്യുന്ന പക്ഷം ബാക്കി വരുന്ന ജലം ഉപയോഗശൂന്യമാകുമെന്ന് സുപ്രീം കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുപ്രകാരം കേന്ദ്രഭൂജലഅതോറിറ്റി പ്ലാച്ചിമട മേഖലയിൽ നടത്തിയ പരിശോധനയെ തുടർന്ന് ചിറ്റൂർ താലൂക്കിലെ ഭൂജലം വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന് കേന്ദ്രഭൂജലഅതോറിറ്റി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഈ അറിയിപ്പ് സംസ്ഥാന ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി അംഗീകരിച്ചുവോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ഈ വിഷയം ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly